## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 290

06.01.2014 ന് മറുപടി

### അഗ്നിശമന സേനയുടെ നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. രാജു | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി | |
| എ). | സംസ്ഥാന അഗ്നിശമനസേനാ വിഭാഗത്തിന്റെ പക്കലുള്ള പല ജീവൻ രക്ഷാ ഉപകരണങ്ങളും കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായതാണെന്നും ഇവ അത്യാഹിത സന്ദർഭങ്ങളിൽ ഉപയോഗത്തിന് യോജ്യമല്ലെന്നുമുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല.<br>ഉപയോഗയോഗ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളാണ് അത്യാഹിതങ്ങൾ ഉണ്ടാകുമ്പോൾ ഉപയോഗിച്ചു വരുന്നത്. |
| ബി) | പ്രസ്തുത ഉപകരണങ്ങളുടെ നിലവിലെ പ്രവർത്തനക്ഷമത വിലയിരുത്തപ്പെടാറുണ്ടോ എന്നു വ്യക്തമാക്കുമോ; | ബി) | പ്രസ്തുത ഉപകരണങ്ങളുടെ നിലവിലെ പ്രവർത്തന ക്ഷമത എല്ലാ ദിവസവും വിലയിരുത്തപ്പെടാറുണ്ട്. കൂടാതെ വാരാന്ത്യ പരിശോധനകളും നടത്താറുണ്ട്. |
| സി) | ജീവൻ രക്ഷാ ഉപകരണങ്ങൾ ഉപയോഗയുക്തമാക്കുന്നതിനും പുതിയത് അനുവദിക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ? | സി) | ഈ സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ചും ഒറ്റത്തവണ കേന്ദ്ര സഹായ ഫണ്ട് ഉപയോഗിച്ചും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുമതി നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ